# ആസ്ഥാനകാര്യാലയം, ജയിൽ വകുപ്പ്, കേരളം

**<u>നടപടികൾ</u>**

വിഷയം : ജയിലുകൾ-വാർഷികപദ്ധതി (2015-16)- "ജയിലകളുടെ നവീകരണം"- 'പേപ്പർ രഹിത ഓഫീസ് പദ്ധതി- ഇ ഫയൽ മാനേജ്മെൻ്റ് സംവിധാനം (അയാപ്സ് പ്രിസൺ ആപ്ലിക്കേഷൻ )' നടപ്പിലാക്കുന്നത്- കെൽട്രോണിന് രണ്ടാം ഗഡു തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) ജി.ഒ(എം.എസ്) നം.209/2015/ആഭ്യന്തരം; തിയതി: 25/09/2015
2) 01/12/2015 ൽ കെൽട്രോണുമായി ഒപ്പുവച്ച കരാർ
3) 11/03/2016 ലെ ഇതേ നം.ഉത്തരവ്
4) കെൽട്രോൺ സമർപ്പിച്ചിട്ടുള്ള ഇൻവോയിസ് (നം.ITBG/15-16/PI/SWG/116; Dated:01/03/2015)

**<u>ഉത്തരവ് നമ്പർ. P4-13134/2015/PrHQ; തീയതി : 23-03-2016</u>**

ജയിൽ വകുപ്പിൽ 'പേപ്പർ രഹിത ഓഫീസ് പദ്ധതി' (Paperless Office Programme) നടപ്പിലാക്കുന്നതിന് (2015-16) ലെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം 30.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി [ ഇ-ഫയൽ മാനേജ്മെൻ്റ് സംവിധാനം-ആയാപ്സ് പ്രിസൺസ് (iAPS-internal administrative processing system for Prisons )]നടപ്പിലാക്കുന്നതിന് കെൽട്രോണിൽ നിന്ന് പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുകയും പരാമർശം (2) പ്രകാരം കെൽട്രോണുമായി കരാർ ഒപ്പുവക്കുകയും ചെയ്തു. ആകെ പദ്ധതി തുക 30.00 ലക്ഷം + സർവ്വീസ് ടാക്സ് ആണ്. കരാർ പ്രകാരം ആദ്യ ഗഡുവായി നൽകേണ്ട 30% തുകയായ 10,26,000/- രൂപ പരാമർശം (1) പ്രകാരം കെൽട്രോണിന് അനുവദിച്ചിരുന്നു.

കരാർ പ്രകാരം, അയാപ്സ് ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്ത് എല്ലാ ജയിലുകളുടേയും മാസ്റ്റർ ഡാറ്റ (Master Data) അപ്ഡേറ്റ് ചെയ്തശേഷം 40% തുക കെൽട്രോണിന് നൽകേണ്ടതുണ്ട്. അപ്രകാരം അയാപ്സ് ആപ്ലിക്കേഷൻ സെർവ്വറിൽ ഇൻസ്റ്റാൾ ചെയ്ത് എല്ലാ ജയിൽ സ്ഥാപനങ്ങളുടേയും മാസ്റ്റർ ഡാറ്റ (Master Data) അപ്ഡേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും പൂർത്തിയാക്കി ജയിൽ ആസ്ഥാനകാര്യാലയത്തിൽ ഇ-ഫയൽ മാനേജ്മെൻ്റ് സംവിധാനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പരാമർശം (4) പ്രകാരം 40% തുകയായ 13,74,000 - രൂപയുടെ (പതിമൂന്ന് ലക്ഷത്തി എഴുപത്തിനാലായിരം രൂപ) ഇൻവോയിസും കെൽട്രോൺ സമർപ്പിച്ചിട്ടുണ്ട്. ജയിലുകളുടെ നവീകരണം" പദ്ധതിയിൽ ഇനി അവശേഷിക്കുന്നത് 8,54,809/-(എട്ട് ലക്ഷത്തി അൻപത്തിനാലായിരത്തി എണ്ണൂറ്റി ഒൻപത് ) രൂപയാണ്.

പ്രസ്തുത സാഹചര്യത്തിൽ, ഇ-ഫയൽ മാനേജ്മെൻ്റ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതിക്ക് രണ്ടാം ഗഡുവായി (40% ) കെൽട്രോണിന് നൽകേണ്ട 13,74,000/- രൂപയിൽ 8,54,809/- (എട്ട് ലക്ഷത്തി അൻപത്തിനാലായിരത്തി എണ്ണൂറ്റി ഒൻപത് ) രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി തുകയിൽ **780153/-** രൂപ (ഏഴ് ലക്ഷത്തി എൺപതിനായിരത്തി ഒരുന്നൂറ്റി അൻപത്തിമൂന്ന് രൂപ ) 'മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ' എന്ന പേരിൽ ഡിമാൻ്റ് ഡ്രാഫ്റ്റ് ആയി മാറുവാനും 74,656/-രൂപ (എഴുപത്തിനാലായിരത്തി അറുന്നൂറ്റി അൻപത്തിയാറ് രൂപ) കെൽട്രോണിൻ്റെ പേരിൽ AABCK1319E എന്ന PAN (Permanent Account Number)-ൽ TDS (@ 10% of Service Charge) ആയി ഈടാക്കുവാനും ചീഫ് അക്കൌണ്ടൻ്റിനെ ചുമതലപ്പെടുത്തുന്നു.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ **"2056-00-001-98 എം.പി.എ. -34 മറ്റ് ചെലവുകൾ (പ്ലാൻ)"** എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും ഡി.ഡി. അനന്തര നടപടികൾക്കായി പി4 സീറ്റിൽ ഏല്പ്പിക്കേണ്ടതുമാണ്.

സ്വീകർത്താവ് : ചീഫ് അക്കൌണ്ടൻറ്റ് (ഇൻവോയിസ് സഹിതം 2 പകർപ്പുകൾ)
ജയിൽ ആസ്ഥാനകാര്യാലയം

പകർപ്പ് : അക്കൌണ്ട്സ് ഓഫീസർ
പി.ഒ /പി1 സീറ്റ് /ഓ.സി/ എസ്.എഫ്

ഉത്തരവിൻ പ്രകാരം

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്